ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ക്യൂ.ഐ.പി ഡപ്യൂട്ടേഷൻ (2022-23)- എം ടെക് പഠനം പൂർത്തീകരിച്ച - സർക്കാർ പോളിടെക്നിക് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ, ശ്രീമതി. ആയിഷാ ജബീൻ- പുന: നിയമനം നല്കി ഉത്തരവാകുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം. EC5/36764/22/DTE തിരുവനന്തപുരം, തീയതി : 26-06-2024**

---

വായന :-

1. 03-09-2022 ലെ G.O (Rt) No. 1336/2022/H.Edn.
2. 05-09-2022 ലെ ഈ കാര്യാലയത്തിലെ L2/4006/22/DTE നമ്പർ ഉത്തരവ്.
3. സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ, ശ്രീമതി. ആയിഷാ ജബീൻ എം-ന്റെ തീയതിയില്ലാത്ത അപേക്ഷ

**<u>ഉത്തരവ്</u>**

വായന (1), (2),ലെ ഉത്തരവുകൾ പ്രകാരം, വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീമതി. ആയിഷാ ജബീൻ എം ന് ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം NIT കോഴിക്കോട്- എം ടെക് പഠനത്തിനായി അനുമതി നല്കുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർനിയമനത്തിനായി ടി ജീവനക്കാരി വായന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീമതി. ആയിഷാ ജബീൻ എം (PEN: 863452)ന് വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജിലെ നിലവിലുള്ള ഒഴിവിലേക്ക് പുനർനിയമനം നല്കി ഉത്തരവാകുന്നു.

ക്യൂ.ഐ.പി ഡെപ്യൂട്ടേഷനിൽ, മാതൃസ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് രണ്ട് വർഷ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന

മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻ പ്രകാരം മേൽ ജീവനക്കാരി ജോലിയിൽ പുന:പ്രവേശിക്കേണ്ടതാണ്.

രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിക്കുകയും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാതിരിക്കുന്നതുമായ സാഹചര്യത്തിൽ, ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാരി, ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതുമാണ്. കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുമ്പ് കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥയെ പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപന മേധാവി, ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് പുന: പ്രവേശനം അനുവദിക്കേണ്ടതും ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്,

1. ശ്രീമതി. ആയിഷാ ജബീൻ എം, സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

പകർപ്പ്

1. പ്രിൻസിപ്പാൾ, വെണ്ണിക്കുളം, സർക്കാർ പോളിടെക്നിക് കോളേജ് (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. അക്കൗണ്ടന്റ് ജനറൽ (എഇ) കേരള, കോട്ടയം
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ

Signed by
Shalij P R
Date: 26-06-2024 12:18:58